# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-8) 1143/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/09/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-8) 1143/2024 തീയ്യതി: 23/09/2024

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-11-2023 മുതൽ 16-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 17-07-2024 | 25-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-07-2024 | 25-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രശാന്ത് ടി.ജി (ഓഡിറ്റ് ഓഫീസർ)
സുനിൽ കുമാർ കെ.സി (അസി. ഓഡിറ്റ് ഓഫീസർ)
ജിഷ കെ.ടി (സീനിയർ ഗ്രേഡ് ഓഡീറ്റർ)
സിജോ തോമസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദിര മോഹനൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീകല വി.ജി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| അർച്ചന വിശ്വനാഥ് | കൃഷി ഓഫീസർ | 01-04-2023 | 20-11-2023 |
| ചിത്ര | കൃഷി ഓഫീസർ (ഇൻചാർജ്) | 21-11-2023 | 30-11-2023 |
| ജിൻസി ജോസഫ് | കൃഷി ഓഫീസർ | 01-12-2023 | 31-03-2024 |
| ഡോ. ശരണ്യ എം. ജി. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. രാഹുൽ കെ. കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 17-06-2023 |
| ഡോ. ആഷിത എം. ബി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 18-06-2023 | 10-12-2023 |
| ഡോ. അന്ന സിറിയക് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 11-12-2023 | 17-02-2024 |
| ഡോ. ആഷിത എൻ. ബി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 18-02-2024 | 31-03-2024 |
| ഡോ. കാസിം യു. കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 16-08-2023 |
| ഡോ. സിനി രമ്യ കെ. ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-08-2023 | 31-03-2024 |
| ഡോ. ആഷ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 09-10-2023 |
| ഡോ. മായ എൻ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 10-10-2023 | 31-03-2024 |
| ജോയ്സി ജേക്കബ് എം. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| അനുപ്രിയ | വി.ഇ.ഒ (കരവാൻകാട് സർക്കിൾ) | 01-04-2023 | 19-09-2023 |
| രശ്മി പി. സി. | വി.ഇ.ഒ (കരവാൻകാട് | 20-09-2023 | 31-03-2024 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| രേവതി കെ. ആർ. | വി.ഇ.ഒ (വെള്ളാനിക്കര സർക്കിൾ) | 01-04-2023 | 14-09-2023 |
| അനുപ്രിയ | വി.ഇ.ഒ (വെള്ളാനിക്കര സർക്കിൾ) (ഇൻചാർജ്) | 15-09-2023 | 19-09-2023 |
| രശ്മി പി. സി. | വി.ഇ.ഒ (വെള്ളാനിക്കര സർക്കിൾ) (ഇൻചാർജ്) | 20-09-2023 | 11-12-2023 |
| ഷാജു എം. എ. | വി.ഇ.ഒ (വെള്ളാനിക്കര സർക്കിൾ) | 12-12-2023 | 31-03-2024 |
| രമ്യാമോൾ കെ. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| പ്രവിത കെ. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | 01-04-2023 | 23-07-2023 |
| സുജയ എ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | 24-07-2023 | 31-03-2024 |
| സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന കയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-4 |
| 6 | വസ്തു നികുതി - വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-6 |
| 8 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-7 |
| 9 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി. | 1-1-9 |
| 11 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | Prior Period Income,Expenditure - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-11 |
| 13 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ചെലവുകൾ തതുല്യമായ ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | ക്ഷേമപദ്ധതികൾ | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു | 1-9 |
| 24 | തൊഴിൽ നികുതി- കൃത്യമായി ഈടാക്കിയിട്ടില്ല | 1-10 |
| 25 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |

| | | |
|---|---|---|
| 26 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു | 1-12 |
| 27 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കുന്നു | 1-13 |
| 28 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ | 1-14 |
| 29 | മരങ്ങളുടെ ലേലം പൂർത്തിയാക്കിയിട്ടില്ല | 1-15 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 32 | വീട് വാസയോഗ്യമാക്കൽ-പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-18 |
| 33 | നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 34 | ഗവ.ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-20 |
| 35 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-21 |
| 36 | പാലിയേറ്റീവ് രോഗികൾക്ക് ചലന ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-22 |
| 37 | ഗൃഹശ്രീ പദ്ധതി-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-23 |
| 38 | എച്ച്.എം.സി.വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് | 1-24 |
| 39 | ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ നിയമനം-സർവീസ് ബ്രേക്ക് നൽകിയിട്ടില്ല | 1-25 |
| 40 | ഹരിതകർമ്മസേനയുടെ പ്രവർത്തനം | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.05.2024 തീയതിയിലെ 1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.05.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി :**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes To Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).
(ഓഡിറ്റ് എൻക്വയറി നമ്പർ 05/22.07.2024)

### 1-1-2 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 166319582 |
| ആകെ ചെലവ് (B)* | | 172282903 |
| മിച്ചം തുക C= A-B | | -5963321 |
| Prior Period Income (I-19) | 41401 | |
| Prior Period Expenditure (I-18) | -168775 | |
| Net Difference Between Prior Period Income And Expenses (D)(I-19-I-18) | | 210176 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | | -57531405 |

എന്നാൽ Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത് -5835947/-രൂപയാണ്. (-5963321-41410+168775)

## 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4452218 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11471934 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 05/22.07.2024)

## 1-1-4 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 10397 രൂപ “Cheques Deposited But Not Cleared” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് | ചെക്ക് നമ്പർ/വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| SBI(37054704115) | 1230000131 | 03.10.2023 | 5 |
| | 1230000090 | 12.08.2023 | 220 |

## 1-1-5 വസ്തു നികുതി - വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ്

എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽസാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. തൻവർഷം

1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4054506 | 4037523 | 18705 | 15845 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4054506 | 4019956 | 18705 | *15854 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3446876 | 3414504 | 15919 | 21032 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3446876 | 3393850 | 0 | *21043 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2. കുടിശ്ശിക

2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 77469 | 8212 | 69263 |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *82405 | 8206 | **69315 |
| | *(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (15419+71106=86525/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (72781/105X100)=69315, |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 140227 | 60689 | 79539 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 93990 | 60688 | 79578 |
| | (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(18586+80104=98690/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(83557/105X100)=79578,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-1-6 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 205975 | 3936 | 209911 | 204255 | 415 | 204670 | | | 802 | 3518 | 4324 |
| | നോൺ-റെസിഡൻഷ്യൽ | 173011 | 7063 | 181594 | 171237 | 3043 | 175800 | | | 1063 | 4018 | 5082 |
| | ആകെ | | | 391505 | | | 380470 | | | 9406 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 390473 | | | 374135 | | | | 375051 | 9401 | | |
| | | 8920+381553 = (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt . Cess/ Levies...... ലെഡ്ജർ 2023-24) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45(വരവ്)) | | | | (431910101 -State Govt . Cess/ Levies...... ലെഡ്ജർ 2023-24) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 374135രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 380470 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട തുകയുമല്ല, മറിച്ച് 381072 രൂപയാണ്. (വൌച്ചർ 42301567 തീ 31-03-2024, 42301568തീ.31-03-2024, 42301577 തീ.31-03-2024, 42301577 തീ.31.03.2024, 42301577 തീ.31-03-2024, 42301577 ( 244+244+205173+418+171948+3045))

## 1-1-7 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2024 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡി.സി.ബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 372365 | 454524 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 12197 | 72568 |

## 1-1-8 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

01/04/2023 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24 വർഷത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 218 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2023-24 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ്. 31.03.2024 മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-9 വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി.

2023-24 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ

രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുളള വാടക | 130100101-Rent From Building | 6707 | 31.03.2024 | 42301628 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രുവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-10 ജേണൽ മുഖേനയുളള രേഖപെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7.)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-11 Prior Period Income,Expenditure - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income”, “190000000-Prior Period Expenditure” എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് , ഷെഡ്യൂൾ I-18 & I-19) | 31/03/2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800501-Prior Period Expenses - Programme Expenses | -24980 |
| 290800701-Prior Period Expenses- Miscellaneous Expenses | -143795 |
| 190100101-Prior Period Income-Property Tax | 41401 |

## 1-1-12 പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-13 ആസ്തി രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-14 ചെലവുകൾ തുല്യമായ ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500201/460500202/460500206-Advance To Implementing Agencies" എന്ന ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രം.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | S0152/24 | 42301371/11.12.2023 | 200000 | 251110208 | 460500...-Advance To Implementing Agencies- |
| 2 | S0046/24 | 42301295/21.09.2023 | 500000 | 251110109 | |
| | | 42301303/26.09.2023 | 386,332 | | |
| | | 42301357/04.12.2023 | 113,668 | | |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 27.03.2023 | |
| കമ്മിറ്റി തീരുമാനം | 1 (1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 35,58,28,762 | 34,63,29,835 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 03.02.2024 | |
| കമ്മിറ്റി തീരുമാനം | 1 (1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 272940268 | 26,33,01271 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| *വികസന ഫണ്ട്-ജനറൽ | 0 | 23346000 | 23346000 | 23217990 | 128010 |
| *വികസന ഫണ്ട്-എസ്.സി.പി | 0 | 5686000 | 5686000 | 4929209 | 756791 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 14258000 | 14258000 | 7847127 | 6410873 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3306000 | 3306000 | 2556427 | 749573 |
| **സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( Untied) | 432624 | 3934525 | 4367149 | ***3954534 | 412615 |
| **സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( Tied ) | 1365876 | 2899500 | 4265376 | 4143986 | *121390* |
| | Treasury | 151206 | 1151206 | 151206 | 151206 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 8567 | 8567 | 8567 | 0 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |
| TSC | 0 | 0 | 0 | 0 | 0 |
| ICDS | 223716 | 1004001 | 1227717 | 426357 | 801360 |
| Health Grant-Diagnostic Infrastructure To The PHC | 5617 | 955553 | 961170 | 387371 | 573799 |
| Health Grant- Health& Wellness To The PHC | 3601 | 399433 | 403034 | 261149 | 141885 |
| Health Grant Towards Buildingless Subcentre's PHc & CHCS | 0 | 2805500 | 2805500 | 0 | 2805500 |
| MLA Fund | 0 | 436893 | 436893 | 436893 | 0 |

*ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട്-എസ്.സി.പി, വികസന ഫണ്ട്-ജനറൽ എന്നിവയുടെ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

**സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. സി.എഫ്.സി അൺടൈഡ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. ശരിയായ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

*** 2022-23 സാമ്പത്തികവർഷത്തിൽ സുലേഖ ചെലവ് ആയ 88475 രൂപ സാങ്കേതിക പ്രശനം മൂലം ILGMS, ഇ ഗ്രാം സ്വരാജ് എന്നീ സോഫ്റ്റ്വെയറുകളിൽ 2023-24 വർഷത്തെ വരവായിട്ടാണ് വന്നിരിക്കുന്നത്. ആയതിനാലാണ് CFC ഗ്രാന്റ്(അൺ ടൈഡ്) ന്റെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിനേക്കാൾ ഉയർന്നു നിൽക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 261 | 165899705 | 253 | 8,06,13,658 | 48.6 | 96.93 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 0 | 0 | 0 | 0 |
| ഗുണഭോക്താകൾക്ക് | 0 | 30964050 | 30964050 | 30964050 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| മെറ്റിരീയൽ കോസ്റ്റ് | 0 | 708475 | 708475 | 708475 | 0 |
| ആകെ | 0 | **31672525** | **31672525** | **31672525** | 0 |

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2977000 | 267 |
| വിധവാ പെൻഷൻ | 13748100 | 1288 |
| വാർദ്ധക്യകാല പെൻഷൻ | 2,72,39,900 | 2786 |
| വികലാംഗപെൻഷൻ | 32,27,400 | 291 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18,18,400 | 168 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2024 തീയതിയിൽ 3.00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4443/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 16 (2) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ദിവസേനയുള്ള കളക്ഷൻ അന്നേ ദിനമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ/പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എന്നാൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ യും (വെള്ളാനിക്കര സർക്കിൾ), കൃഷി ഓഫീസറും ചട്ടങ്ങൾക്ക് വിരുദ്ധമായി കാലതാമസം വരുത്തിയാണ് തുകകൾ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. വി.ഇ.ഒ (വെള്ളാനിക്കര സർക്കിൾ)

| രസീത് ബുക്ക് | രസീത് നമ്പർ | തുക | അടവാക്കിയ റസീപ്റ്റ്/ തീയതി |
|---|---|---|---|
| 13148 | 17/26.02.24 | 182 | 1230106922/25.03.2024 |
| | 18-36/26.02.2024 | 3458 | |
| | 37-39/01.03.2024 | 546 | |
| | 40-45/01.03.2024 | 1092 | |
| | 46-54/02.03.2024 | 1638 | |
| | ആകെ | 6916 | |

II. കൃഷി ഓഫീസർ

| രസീത് ബുക്ക് | രസീത് നമ്പർ | തുക | അടവാക്കിയ റസീപ്റ്റ്/തീയതി |
|---|---|---|---|
| 13149 | 54-57/26.06.24 | 500 | 1240101162/06.07.2024 |
| | 58-61/27.06.2024 | 500 | |
| | 62-64/28.06.2024 | 375 | |
| | 65-67/29.06.2024 | 375 | |
| | 68-69/01.07.2024 | 250 | |
| | 70-72/02.07.2024 | 375 | |
| | 73-74/03.07.2024 | 250 | |
| | 75-77/04.07.2024 | 375 | |
| | ആകെ | 3000 | |

മേൽ പ്രകാരം വരവ് തുകകൾ കാലതാമസം വരുത്തി അടവാക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/23-07-2024) തിരക്കുകൾ മൂലം അടവാക്കാൻ സാധിച്ചില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കേണ്ടതും വരവ് തുകകൾ യഥാസമയം പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്.

**1-10 തൊഴിൽ നികുതി- കൃത്യമായി ഈടാക്കിയിട്ടില്ല**

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് | 6 മാസത്തെ ശമ്പളം | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് | കുറവ് തുക |
|---|---|---|---|---|---|---|---|
| കാഷ്യൂ റിസേർച്ച് സ്റ്റേഷൻ | 2023-24 | I | രേഷ്മ സി.പി | 78995 | 600 (1230101628/11.08.23) | 750 | 150 |
| താണിക്കുടം ദേവസ്വം | 2023-24 | I | കെ.കെ സജിനി | 19250 | 120 (1230103095/25.09.23) | 180 | 60 |
| | 2023-24 | I | കെ.യു വൈശാഖ് | 31210 | 180 (1230103095/25.09.23) | 300 | 120 |
| | 2023-24 | I | മണിലാൽ വി.എസ് | 56250 | 180 (1230103095/25.09.23) | 450 | 270 |
| | 2023-24 | I | രമണി ഉണ്ണികൃഷ്ണൻ | 21250 | 120 (1230103095/25.09.23) | 180 | 60 |
| | 2023-24 | I | അജിത ടി.എസ് | 18000 | 120 (1230103095/25.09.23) | 180 | 60 |
| | 2023-24 | I | ടി.ടി കമല | 20000 | 120 (1230103095/25.09.23) | 180 | 60 |
| ഡിപ്പാർട്ട്മെന്റ് ഓഫ് | 2023-24 | I | സ്വാതി ബാബു | 84712 | 300 (1220304974/20.02.23) | 750 | 450 |

| | | | | | | | |
|---|---|---|---|---|---|---|---|
| പാത്തോളജി KAU വെള്ളാനിക്കര | 2023-24 | I | രാധാകൃഷ്ണൻ കെ.വി | 313616 | 1000 (1220304974/20.02.23) | 1250 | 150 |
| സെൻട്രൽ ലൈബ്രറി KAU | 2023-24 | II | തുളസി പി.കെ | 167562 | 750 (1230105457/14.02.24) | 1250 | 500 |
| | | | ശ്രുീതി കെ.എസ് | 106330 | 750 (1230105457/14.02.24) | 1000 | 250 |
| | | | അന്ന വർഗീസ് | 85050 | 600 (1230105457/14.02.24) | 750 | 150 |
| താണിക്കുടം ദേവസ്വം | 2023-24 | II | അജിത ടി.എസ് | 18000 | 120 (1230106546/15.03.24) | 180 | 60 |
| ഫ്രൂട്ട്സ് കോർപ്സ് റിസർച്ച് സ്റ്റേഷൻ | 2023-24 | II | അഖിൽ ബേബി | 164111 | 1000 (1230105951/28.02.24) | 1250 | 250 |
| | | | ബിന്ദു കുര്യൻ | 165833 | 1000 (1230105951/28.02.24) | 1250 | 250 |
| | | | ശോഭ എം.ഡി | 168020 | 1000 (1230105951/28.02.24) | 1250 | 250 |
| | | | മിനി എം.പി | 166198 | 1000 (1230105951/28.02.24) | 1250 | 250 |
| | | | ഷമീർ പി.എസ് | 161398 | 1000 (1230105951/28.02.24) | 1250 | 250 |
| | | | സുഭാഷ് കെ.ടി | 181879 | 1000 (1230105951/28.02.24) | 1250 | 250 |
| | | | സുനിത | 120014 | 750 (1230105951/28.02.24) | 1000 | 250 |
| | | | തോമസ് യോഹന്നാൻ | 120045 | 600 (1230105951/28.02.24) | 1000 | 400 |
| | | | ഷാക്കിറ വി.യു | 108420 | 750 (1230105951/28.02.24) | 1000 | 250 |
| ആകെ | | | | | | | 4740 |

2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപന ഉടമകൾ സമർപ്പിച്ച തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇപ്രകാരം കൃത്യമായ തൊഴിൽനികുതി ഈടാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.08/23.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൊഴിൽനികുതി കുറവായി അടച്ചവരിൽ നിന്നും കൃത്യമായ തുക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന്

ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

എന്നാൽ 2023-24 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FATEAOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.11/23.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വരുമാനനഷ്ടം ഒഴിവാക്കേണ്ടതുമാണ്.

| ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | അർജ്ജുന പോളിമേഴ്സ് | 15/133D | 8 |
| 2. | ബ്ലൂസ്റ്റാർ എഞ്ചിനീയറിംഗ് | 13/449A | 4 |
| 3. | ശക്തി മെറ്റൽ ഇൻഡസ്ട്രീസ് | 16/13,14,15,16A | 8 |
| 4. | പുലിക്കോട്ടിൽ ട്രേഡേഴ്സ് | 1/211 | 3 |
| 5. | പെർഫെക്ട് ഫൈബർ ഗ്ലാസ് ഇൻഡസ്ട്രീസ് | 13/443A | 3 |
| 6. | ശില്പി ബ്രിക്ക്സ് | 5/446 | 3 |
| 7. | ശ്രീനാരായണ ബ്രിക്ക്സ് | 6/259A | 5 |
| 8. | സീതാറാം ട്രേഡിംഗ് കമ്പനി | 1/58 | 18 |
| 9. | ടെക്ക്ബെർ റബ്ബേഴ്സ് | 3/366 | 4 |
| 10. | സൂര്യ പൈപ്പ്സ് | 14/392A | 4 |
| 11. | പൊറാട്ടുക്കര പ്ലാസ്റ്റിക്ക്സ് | 12/478 | 4 |
| 12. | അമ്മ ഹൈടെക്ക് ലാബ് | 13/274 | 3 |
| 13. | JBS മാർക്കറ്റിങ് | 15/11A | 4 |
| 14. | മാർവെൽ എന്റർപ്രൈസസ് | 1/365A | 10 |
| 15. | ഗംഗോത്രി പ്ലാസ്റ്റിക്ക്സ് | 12/181 | 4 |
| 16. | സിറ്റി ഹൈടെക്ക് | 16/132 | 2 |

| | | | |
|---|---|---|---|
| | ലാബ് | | |
| 17. | ട്രൈടെക്ക് റെഡിമിക്സ് കോൺക്രീറ്റ് | 6/49 | 15 |
| 18. | എബൻസർ ഫ്യൂവൽസ് | 1/192A | 6 |
| 19. | എബൻസർ ഹോളോബ്രിക്ക്സ് | 1/184A | 6 |
| 20. | സ്റ്റാർ കോൺക്രീറ്റ് ബ്രിക്ക്സ് | 8/231A | 5 |
| 21. | നീതി ലാബ് | 9/26A,B | 2 |
| 22. | ലൈഫ് കെയർ കമ്പ്യൂട്ടറൈസ്ഡ് ക്ലിനിക്കൽ ലബോറട്ടറി | 3/563 | 2 |
| 23. | കൊട്ടാരത്തിൽ ബ്രിക്ക്സ് | 4/284G | 3 |

### 1-12 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2023-24 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്ററും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചപ്പോൾ റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ, തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകുന്നതോടൊപ്പം ആയവ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.13/23.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റേഷൻകടകളുടെ എണ്ണം തിട്ടപ്പെടുത്തി റേഷൻ കട ഉടമകൾക്ക് നോട്ടീസ് നൽകി അവരെക്കൊണ്ട് ലൈസൻസ് എടുപ്പിച്ച്, തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-13 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കുന്നു

മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ 3301744710 നമ്പർ തനത് ഫണ്ട് അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചപ്പോൾ തനത് അക്കൗണ്ടിൽ ക്യാഷ് ഡെപ്പോസിറ്റ് ചാർജ്ജ്+GST എന്ന ഇനത്തിൽ 25+4.50=29.50 രൂപ എന്ന കണക്കിൽ ബാങ്ക് തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ഫെബ്രുവരി,മാർച്ച് മാസങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ബാങ്ക് ചാർജ് |
|---|---|---|
| 1. | 22.05.2024 | 29.50 |
| 2. | 23.05.2024 | 29.50 |
| 3. | 24.05.2024 | 29.50 |
| 4. | 25.05.2024 | 29.50 |

| | | |
|---|---|---|
| 5. | 26.05.2024 | 29.50 |
| 6. | 29.05.2024 | 59 |
| 7. | 30.05.2024 | 29.50 |
| 8. | 31.05.2024 | 29.50 |
| 9. | 07.06.2024 | 29.50 |
| 10. | 08.06.2024 | 29.50 |
| 11. | 09.06.2024 | 29.50 |
| 12. | 12.06.2024 | 29.50 |
| 13. | 13.06.2024 | 29.50 |
| 14. | 14.06.2024 | 29.50 |
| 15. | 15.06.2024 | 29.50 |
| 16. | 16.06.2024 | 29.50 |
| 17. | 17.06.2024 | 29.50 |
| 18. | 19.06.2024 | 29.50 |
| 19. | 20.06.2024 | 29.50 |
| 20. | 21.06.2024 | 29.50 |
| 21. | 22.06.2024 | 29.50 |
| 22. | 23.06.2024 | 29.50 |
| 23. | 26.06.2024 | 59 |
| 24. | 27.06.2024 | 29.50 |
| 25. | 30.06.2024 | 29.50 |

തനത് ഫണ്ട് അക്കൗണ്ടിൽ ലക്ഷങ്ങളുടെ ഡെപ്പോസിറ്റ് നൽകിയിട്ടും ക്യാഷ് ഡെപ്പോസിറ്റ് ചാർജ്ജ് എന്ന ഇനത്തിൽ ബാങ്ക് ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിനോ അല്ലെങ്കിൽ ഈടാക്കിയ ബാങ്ക് ചാർജ് തിരികെ ലഭിക്കുന്നതിനോ ബാങ്ക് അധികൃതരുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയമോ/ നടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.17/24.07.2024) ബാങ്കിലേക്ക് കത്ത് നൽകി തുക റീഫണ്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അതിനാൽ നാളിതുവരെ ബാങ്ക് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക കണക്കാക്കി ആയത് റീഫണ്ട് ചെയ്യിപ്പിച്ച് വിവരമറിയിക്കേണ്ടതാണ്.

**1-14 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ**

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

**(I)** കന്നുകാലി ഫാം **: 5** മൃഗങ്ങൾ

**(Ii)** ആട് ഫാം **: 20** മൃഗങ്ങൾ

**(Iii)** പന്നി ഫാം **: 5** മൃഗങ്ങൾ

**(Iv)** മുയൽ ഫാം **: 25** മൃഗങ്ങൾ

**(V)** പൗൾട്രി ഫാം **: 100** പക്ഷികൾ

2023-24 സാമ്പത്തികവർഷത്തെ ലൈവ്സ്റ്റോക്ക് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ നാല് ഫാം ഉടമകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ

ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1. | ലിസി ജോൺസൺ മുതൽ പേർ | 3/403 | കോഴിവളർത്തൽ ഷെഡ് |
| 2. | അഗസ്റ്റിൻ എം.എഫ്, ജോഷി.സി.വി, ജോമോൻ.പി.കെ | 3/567 | കോഴിവളർത്തൽ ഷെഡ് |
| 3. | ജോസഫ്, ആലുങ്കൽ വീട് | 6/57A | കോഴിവളർത്തൽ ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/23.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക് ഷെഡുകളിൽ ഫീൽഡ് പരിശോധന നടത്തി ബാധകമായവക്ക് ലൈസൻസ് എടുപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നു പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-15 മരങ്ങളുടെ ലേലം പൂർത്തിയാക്കിയിട്ടില്ല

ലേലവുമായി ബന്ധപ്പെട്ട JC1/8203/2023 ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന മരങ്ങൾ പുനർലേലം ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ലേലം ചെയ്തു പോയിട്ടില്ല.

| ക്രമ നം. | മരം | വാല്യൂവേഷൻ തുക |
|---|---|---|
| 1. | മദിരാശി മരം | 14898 |
| 2. | തേക്ക് | 36521 |
| 3. | ചെമ്പകം | 266 |
| 4. | ലാങ്കിലാങ്കി | 266 |
| 5. | കശുമാവ് | 1857 |
| ആകെ | | 53808 |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന മരങ്ങൾ മുറിച്ചിട്ടുണ്ടോ? മുറിച്ചിട്ടുണ്ടെങ്കിൽ നിലവിൽ എവിടെ/എപ്രകാരമാണ് സൂക്ഷിച്ചിട്ടുള്ളതെന്നും, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ 29.02.2024 ലെ SF2-10223/23 കത്ത് പ്രകാരം മൂന്ന് പ്രാവശ്യം ലേലം നടത്തിയിട്ട് വിറ്റു പോയിട്ടില്ലെങ്കിൽ പ്രാദേശികമായി അധിക പരസ്യം നൽകി പരമാവധി സർക്കാർ നഷ്ടം കുറച്ച് കൊണ്ട് ലേലം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് തീരുമാനമെടുക്കാമെന്ന് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിലെ മരങ്ങളുടെ ലേലം സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.21/25.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ മേൽ പട്ടികയിലെ മരങ്ങളുടെ ലേലം അടിയന്തിരമായി നടത്തി വരവ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്റ്റിന്റെ ധന വിനിയോഗ സാക്ഷ്യപത്രം

പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | തുക നൽകിയത് | വൗച്ചർ നം/ തിയതി, തുക |
|---|---|---|
| 60/24 ഐ.കെ.എം. വിഹിതം നൽകൽ | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, കേരള | 42301249/5.7.2023-99360/- (വികസന ഫണ്ട്, ജനറൽ) |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (8/20.7.23) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 ഡെപോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യിലേയ്ക്ക് പണം നല്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് | വൗച്ചർ നം., തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| 67/24- സ്ട്രീറ്റ് മെയിൻ വലിക്കൽ | 22301339/29.3.24/ 327917/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, മണ്ണുത്തി |
| 67/24- സ്ട്രീറ്റ് മെയിൻ വലിക്കൽ | 22301312/29.3.24 419400/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, പുന്നംപറമ്പ് |
| 67/24- സ്ട്രീറ്റ് മെയിൻ വലിക്കൽ | 22301349/28.3.24 165587/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, പുന്നംപറമ്പ് |
